**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2153** — 01.02.2018 — ൽ മറുപടിക്ക്

# റേഷൻ വ്യാപാരികളുടെ പ്രതിഫല പാക്കേജ് നടപ്പിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻ വ്യാപാരികളുടെ പ്രതിഫല പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജിന്റെ വിശദാംശങ്ങൾ അനുബന്ധം (10.11.2017 ലെ സ.ഉ(കൈ)നം.29/2017/ഭ.പൊ.വി.വ) ആയി ചേർത്തിട്ടുണ്ട്. |
| (ബി) പ്രതിഫല പാക്കേജ് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി പ്രതിഫല പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) 2018 മാർച്ച് 31-നകം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് കമ്മീഷൻ പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം — സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പുവരുത്തിക്കൊണ്ടുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.29/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 10.11.2017

പരാമർശം :- 1) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശ

2) 31.05.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പരാമർശം (1) പ്രകാരം ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) ആയി ചേർന്ന യോഗം കമ്മിറ്റി ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ശുപാർശകളുടെ വെളിച്ചത്തിൽ യോഗം ചില പ്രാഥമിക നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

2) പരാമർശങ്ങളിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ നിർദ്ദേശപ്രകാരം 45 ക്വിൻറൽ എങ്കിലും വിൽക്കുന്നവർക്ക് കുറഞ്ഞ കമ്മീഷൻ പ്രതിമാസം 16,000/- രൂപ ആയി നിജപ്പെടുത്തിക്കൊണ്ടും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി താഴെ പറയുന്ന നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പാക്കേജിൽ മിനിമം കമ്മീഷനായി നിശ്ചയിച്ചിരിക്കുന്ന 16000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിൻറൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്.

2) റേഷൻവ്യാപാരിക്ക് ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നത് വിറ്റഴിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയായിരിക്കും.

3) ഇ-പോസ് മുഖേനയുള്ള വിപണനത്തിന് പരാമർശം (1) പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കമ്മിറ്റി ശുപാർശ ചെയ്ത ട്രാൻസാക്ഷൻ നിരക്കും വിൽക്കുന്ന ഭക്ഷ്യധാന്യത്തിന് ശുപാർശ ചെയ്ത കമ്മീഷൻനിരക്കും ഏകോപിപ്പിച്ച് 220രൂപ/ക്വിൻറൽ എന്ന നിരക്കിലായിരിക്കും വ്യാപാരിക്ക് ലഭ്യമാകുക.

4) 45 ക്വിന്റലോ അതിൽ കുറവോ റിക്വയർമെന്റുള്ള വ്യാപാരിക്ക് വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് 220രൂപ/ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപയും നിബന്ധന (9) ലെ ഏകീകരണം പൂർത്തിയാകുന്നത് വരെ ലഭിക്കുന്നതാണ്.

5) 45 ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യം റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ 16000/- രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിനാവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്.

6) 73 ക്വിൻറലോ അതിലധികമോ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിൻറലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭ്യമാകുന്നതാണ്. എന്നാൽ ഇവർക്ക് സപ്പോർട്ടീവ് പേയ്മെൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) 100% ഓഫ്ടേക്ക് കൈവരിക്കാത്തവർക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിൽ ആനുപാതികമായ കുറവുണ്ടാകുന്നതാണ്.

8) ഓരോ റേഷൻകടയിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിപണനം ആരംഭിക്കുന്നത് മുതലായിരിക്കും വ്യാപാരികൾക്ക് മേൽനിരക്കിലെ കമ്മീഷന് അർഹതയുണ്ടാവുക. ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതു വരെ 100/- രൂപ / ക്വിന്റൽ എന്ന കമ്മീഷൻ നിരക്ക് തുടരുന്നതാണ്.

9) വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി, വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനും കുറവുണ്ടാകുന്നത് പരിഹരിയ്ക്കാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കും. അതുവരെ ആകും സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകുക.

3) പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന അന്നു മുതൽ കൈകാര്യ ചെലവ് ഈടാക്കേണ്ടതാണ്. ഇതിനും പുറമേ ആവശ്യമായി വരുന്ന 44.99 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
സ്പെഷ്യൽ സെക്രട്ടറി

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
6. ധനകാര്യവകുപ്പ് (vide U.O No.Agri-A1/40/2017-Fin dated 12.04.2017)
7. പൊതുഭരണ (എസ്.സി) വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഭക്ഷ്യപൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ